(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രെഡിറ്റ് മേഖലയിൽ പുതുതായി എത്ര സംഘങ്ങൾ സ്ഥാപിക്കുകയുണ്ടായി ;

(സി) നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ അതേ ഉദ്ദേശത്തോടുകൂടി പുതിയ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുകയുണ്ടായോ ; എങ്കിൽ എവിടെയെല്ലാം ;

(ഡി) ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അർബൻ സഹകരണ സംഘം എന്നിവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയാണ് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കുടിശ്ശികയായിട്ടുള്ള വായ്പതുക

90 (1289) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും വിവിധ നിലയിലുള്ള വായ്പാ ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിലധികമായി കുടിശ്ശികയായിട്ടുള്ള വായ്പാ തുകയെ സംബന്ധിച്ച് കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) ഈ ബാങ്കുകൾ ഓരോന്നും, വൺ-ടൈം-സെറ്റിൽമെന്റ് സ്കീമിലുള്ള എത്ര തുകയുടെ കുടിശ്ശികകൾ ഈടാക്കുകയുണ്ടായി ;

(സി) നിലവിലുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് കുടിശ്ശികക്കാർക്ക് കുറച്ചു കൂടി സഹായകരമായ വ്യവസ്ഥകളോടു കൂടി ഈ സ്കീം നടപ്പാക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും വൺ-ടൈം സെറ്റിൽമെന്റ് സ്കീം നടപ്പാക്കുന്നുണ്ട്. പ്രൈമറി ബാങ്കുകളിൽ വീണ്ടും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സഹകരണസംഘങ്ങളിലെ സർക്കാരിന്റെ ഷെയർ പാർട്ടിസിപ്പേഷൻ

91 (1290) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൊത്തം സഹകരണ സംഘങ്ങളിലെ സർക്കാരിന്റെ ഷെയർ പാർട്ടിസിപ്പേഷൻ മൊത്തം എത്ര കോടി രൂപയുടേതാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly